**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2946** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ഗോത്ര വർഗ്ഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആവശ്യമായ റോഡോ പാലമോ ഇല്ലാത്തതിനാൽ രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തതിനാൽ മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്യിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പെട്ടിമുടി മുതൽ ഇടമലക്കുടിയിലെ ഇഡ്ഡലിപ്പാറകുടി വരെയുള്ള 7.5 കി.മീ. ദൂരമുള്ള റോഡിന്റെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ടി റോഡ് 3 കി. മീ ദൂരം കൂടി പൂർത്തികരിക്കുവാനുണ്ട്. കൂടാതെ ഇഡ്ഡലിപ്പാറകുടി മുതൽ സൊസൈറ്റിക്കുടി വരെയുള്ള 3 കി.മീ റോഡിന്റെ നിർമാണത്തിനു വേണ്ടി 4.75 കോടി രൂപ PWDക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ നടന്നു വരുന്നു.<br><br>ഭൂമിശാസ്ത്രപരമായ ദുർഘട പ്രദേശമായതിനാൽ അവിടെ നിന്നും കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികളിൽ രോഗികളെ എത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ അക്കാരണം കൊണ്ട് മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഇടമലക്കുടി പഞ്ചായത്തിൽ നിന്നും ഏകദേശം 40 കി.മീ മുതൽ 80 കി.മീ വരെ ദൂരെയുള്ള അടിമാലി, ഇടുക്കി എന്നിവിടങ്ങളിലാണ് കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികൾ ഉള്ളത്. ഇടമലക്കുടിയിൽ നിന്നും രോഗികളെ ടി ആശുപത്രികളിൽ എത്തിക്കുന്നതിനാൽ തന്നെ കൂടുതൽ സമയം വേണ്ടി വരുന്നുണ്ട്. |
| (സി) | ഇടമലക്കുടിയിലെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഇടമലക്കുടിയുടെ വികസനം മുൻനിർത്തി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതി വിശദീകരണം | ഭരണാനുമതി തുക (രൂപ) |
|---|---|---|
| 1 | പെട്ടിമുടി–ഇഡ്ഡലിപ്പാറകുടി റോഡ് നിർമ്മാണം (7.2 കി.മീ) | 13.70 കോടി |
| 2 | ഇഡ്ഡലിപ്പാറ–സൊസൈറ്റികുടി റോഡ് നിർമ്മാണം (3 കി.മീ) | 4.75 കോടി |
| 3 | പെട്ടിമുടിയിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ നിർമ്മാണം | 35 ലക്ഷം |
| 4 | ഇടമലക്കുടി ഭവന നിർമ്മാണം (മുമ്പ് അനുവദിച്ചിരുന്ന വീടുകളുടെ പൂർത്തീകരണത്തിന് മൂന്നാർ DFO ക്ക് തുക അനുവദിച്ചിട്ടുണ്ട്). | 1,99,75,000/- |
| 5 | ഇടമലക്കുടിയിൽ 4 ജി ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി | 4.7 കോടി |
| 6 | കുടിവെള്ള പദ്ധതി | 39.75 കോടി (ജലജീവൻ മിഷൻ) |

സെക്ഷൻ ഓഫീസർ